എം 2/9842/2024/ഡി.ജി.ഇ. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം, തീയതി: 26.06.2024
ഫോൺ: 0471-2580595

## വിജ്ഞാപനം

പൊതു വിദ്യാഭ്യാസം - ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്) (ഹിന്ദി) കോഴ്സിലേക്ക് 2024 - 2026 വർഷം സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് യോഗ്യതയുള്ളവരിൽ നിന്നും നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

## I. പൊതു നിബന്ധനകൾ

1. സ.ഉ.(കൈ)നം.30/19/പൊ.വി.വ.തീയതി 07.03.2019 പ്രകാരമാണ് ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഹിന്ദി) കോഴ്സിന്റെ കാലാവധി, പ്രവേശനത്തിനുള്ള യോഗ്യത എന്നിവ പരിഷ്കരിച്ചിട്ടുള്ളത്. കോഴ്സിന്റെ പേര് ചുരുക്കത്തിൽ ഡി.എൽ.എഡ് (ഹിന്ദി) എന്ന് അറിയപ്പെടും.
2. ഡി.എൽ.എഡ് കോഴ്സ് പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത 50% മാർക്കോടെയുള്ള +2, അഥവാ തത്തുല്യ യോഗ്യതയായിരിക്കും. യോഗ്യതാ പരീക്ഷ പാസ്സാകാൻ മൂന്ന് ചാൻസിൽ കൂടുതൽ എടുത്തിട്ടുള്ളവർ ഈ കോഴ്സിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.ഇക്കാര്യത്തിൽ( സേവ് എ ഇയർ) പരീക്ഷ എഴുതിയിട്ടുള്ളതും ചാൻസായി പരിഗണിക്കുന്നതാണ്(സർക്കാർ കത്ത് നം. 31480/ഡി3/10/പൊ.വി. തീയതി 29.05.2021).
3. +2 പഠനത്തിൽ ബന്ധപ്പെട്ട ഭാഷകൾ പഠിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പരിഗണിക്കപ്പെടുന്ന അദ്ധ്യാപക പരീക്ഷകൾ, ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ കോഴ്സുകൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങിയ തത്തുല്യമായ കോഴ്സുകളും 50% മാർക്കോടെ വിജയിച്ചിരിക്കണം.
4. +2 വിനു പകരം മറ്റ് തത്തുല്യ കോഴ്സുകൾ പഠിച്ചിട്ടുള്ളവർ, പ്രസ്തുത സർട്ടിഫിക്കറ്റ് +2 വിനു തുല്യമാണ് എന്ന് തെളിയിക്കുന്ന തുല്യതാ സർട്ടിഫിക്കറ്റു കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്
5. നിയമാനുസൃതമായി ഇളവ് ലഭിക്കുന്ന വിഭാഗങ്ങൾക്ക് അടിസ്ഥാന യോഗ്യത പരീക്ഷയിലെ മാർക്കിൽ 5% ഇളവ് അനുവദിക്കാവുന്നതാണ്.

## II സ്വാശ്രയ സ്ഥാപനങ്ങൾ

1. മലബാർ ഹിന്ദി പ്രചാരകേന്ദ്രം, കൊണ്ടോട്ടി, മലപ്പുറം - 60 സീറ്റ്
2. ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ, പത്തനംതിട്ട - 60 സീറ്റ്
3. പെർഫക്ട് ഹിന്ദി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പെരിന്തൽമണ്ണ, മലപ്പുറം - 60 സീറ്റ്

ഓരോ സെന്ററിലും അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളുടെ 50% സീറ്റുകൾ മെറിറ്റ് സീറ്റും, ശേഷിക്കുന്ന 50% മാനേജ്മെന്റ് സീറ്റും ആയിരിക്കും.

## III. ഡി.എൽ.എഡ് (ഹിന്ദി) കോഴ്സിന് പ്രവേശനം ലഭിക്കുന്നതിനു വേണ്ട യോഗ്യതകൾ :

1. ഹിന്ദി രണ്ടാം ഭാഷയായുള്ള ഹയർസെക്കന്ററി പരീക്ഷാ വിജയം

അല്ലെങ്കിൽ

2. അഡീഷണൽ ഭാഷ ഹിന്ദിയോടെയുള്ള എസ്.എസ്.എൽ.സി. പരീക്ഷാവിജയവും ഹയർസെക്കന്ററി പരീക്ഷാ വിജയവും

അല്ലെങ്കിൽ

3. ഹയർസെക്കന്ററി പരീക്ഷാ വിജയവും ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ പ്രവീൺ പരീക്ഷാ വിജയവും

അല്ലെങ്കിൽ

4. ഹയർ സെക്കന്ററി പരീക്ഷാ വിജയവും കേരള ഹിന്ദി പ്രചാരസഭയുടെ സാഹിത്യാചാര്യ പരീക്ഷാ വിജയവും

അല്ലെങ്കിൽ

5. ഹയർ സെക്കന്ററി പരീക്ഷാ വിജയവും ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ രാഷ്ട്രഭാഷാ വിശാരദ് പരീക്ഷാ വിജയവും

അല്ലെങ്കിൽ

6. ഹയർ സെക്കന്ററി പരീക്ഷാ വിജയവും കേരള ഹിന്ദി പ്രചാരസഭയുടെ ഹിന്ദി ഭൂഷൺ പരീക്ഷാ വിജയവും

അല്ലെങ്കിൽ

7. ഹയർ സെക്കന്ററി പരീക്ഷാ വിജയവും കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഹിന്ദി ബിരുദം/ബിരുദാനന്തര ബിരുദം/തത്തുല്യമായ യോഗ്യത.

## IV പ്രായപരിധി

അപേക്ഷകർ 01.07.2024 ൽ 17 വയസ്സ് തികഞ്ഞിരിക്കേണ്ടതും 35 വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 5 വർഷവും മറ്റു പിന്നോക്ക സമുദായക്കാർക്ക് 3 വർഷവും ഇളവ് അനുവദിക്കുന്നതാണ്. അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ് ഉള്ളവർക്ക് ഉയർന്ന പ്രായപരിധിയിൽ സർവ്വീസ് കാലാവധിയുടെ അത്രയും വർഷം ഇളവ് ലഭിക്കും.

## V. അപേക്ഷാ ഫീസ്

അപേക്ഷകർ "0202-01-102-92 മറ്റിനങ്ങളിൽ നിന്നുള്ള വരവുകൾ" എന്ന ശീർഷകത്തിൽ 10/- രൂപ ചെലാൻ അപേക്ഷ ഫീസിനത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരെ ഫീസടക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (അപേക്ഷാഫീസ് ഡിമാന്റ് ഡ്രാഫ്റ്റായോ മറ്റേതെങ്കിലും രീതിയിലോ അടയ്ക്കുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല).

## VI. അപേക്ഷിക്കേണ്ടതിന്റെ രീതി

1. അപേക്ഷാ ഫോറത്തിന്റെ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്. നിശ്ചിത ഫാറത്തിൽ തന്നെ അപേക്ഷ സമർപ്പിക്കണം. അപേക്ഷാഫോറത്തിന്റെ കോളങ്ങൾ ഒന്നുംതന്നെ ഒഴിവാക്കിയിടാൻ പാടില്ല. ബാധകമല്ലാത്ത കോളങ്ങൾ ബാധകമല്ല എന്ന് പൂരിപ്പിക്കേണ്ടതാണ്.
2. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം..

   എ. അപേക്ഷാഫീസ് അടച്ചതിന്റെ അസ്സൽ ചെലാൻ,

ബി. എസ്.എസ്.എൽ.സി.യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്
(ജനനതീയതി, ജാതി ഇവ തെളിയിക്കുന്നതിനുള്ള രേഖകൾ)

സി. ഹയർസെക്കന്ററി മാർക്ക്ലിസ്റ്റ്, സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ

ഡി. മറ്റു യോഗ്യത പരീക്ഷകളുടെ സർട്ടിഫിക്കറ്റിന്റേയും, മാർക്ക് ലിസ്റ്റിന്റേയും ശരിപ്പകർപ്പുകൾ.

ഇ. അപേക്ഷയിൽ മറ്റെന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ തെളിവുകൾക്കായി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

## VII. ഫീസ് വിവരം

തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ താഴെ പറയുന്ന ഫീസ് കൃത്യമായും അതാത് സെന്ററുകളിൽ അടയ്ക്കേണ്ടതാണ്.

| | | |
|---|---|---|
| എ. അഡ്മിഷൻ ഫീസ് | - | 100 രൂപ |
| ബി. ട്യൂഷൻ ഫീസ് | - | 1490 രൂപ (പ്രതിമാസം) |
| സി. ഡവലപ്മെന്റ് ഫീസ് | - | 10000 രൂപ (പ്രതിവർഷം) |

## VIII. തിരഞ്ഞെടുപ്പ് രീതി : സംവരണം

യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സാമുദായിക സംവരണ വ്യവസ്ഥ പാലിച്ചുകൊണ്ടായിരിക്കും കോഴ്സിന് പ്രവേശനം നൽകുന്നത്. ആയതിനാൽ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ എല്ലാ പാർട്ടിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. 3% സീറ്റുകൾ ഭിന്നശേഷി ക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു. മെരിറ്റ് സീറ്റുകളിലെ 10% സീറ്റുകൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്കസമുദായക്കാർക്ക് സംവരണം ചെയ്തിട്ടുണ്ട്.

## IX. നിബന്ധനകൾ

1. മെറിറ്റ് സീറ്റിലേയ്ക്കുള്ള അപേക്ഷകൾ 10.07.2024 വൈകുന്നേരം 5 മണിക്കു മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം, പിൻ - 695014 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. നിശ്ചിത തിയതിക്കു ശേഷം ലഭിക്കുന്നതും ന്യൂനതകൾ ഉള്ളതുമായ അപേക്ഷകൾ പരിഗണിയ്ക്കുന്നതല്ല. മാനേജ്മെന്റ് സീറ്റിലേക്കുള്ള അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.
2. അപേക്ഷയോടൊപ്പം ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകളുടെ ഫോട്ടോ കോപ്പികൾ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം. അല്ലാത്തവ നിരസിയ്ക്കുന്നതാണ്.
3. തെരഞ്ഞെടുക്കപ്പെടുന്നവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ, റ്റി.സി എന്നിവ ബന്ധപ്പെട്ട സെന്ററിൽ പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.
4. പ്രവേശനം ലഭിക്കുന്നവരുടെ അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്ന് തെളിഞ്ഞാലോ, മതിയായ മറ്റു യോഗ്യതകൾ ഇല്ലെന്ന് കണ്ടാലോ പ്രവേശനം അസാധുവാക്കാനുള്ള അധികാരം പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ

   നിക്ഷിപ്തമാണ്. അപേക്ഷകർ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടോ ഇല്ലയോ എന്നുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും. അതിൻമേൽ കത്തിടപാടുകൾ നടത്തുന്നതല്ല.

5. സെലക്ഷൻ സംബന്ധിച്ച് വ്യക്തികളുമായോ, ഏതെങ്കിലും സംഘടനകളുമായോ പൊതുവിദ്യാഭ്യാസ ഡയറക്ടർ കത്തിടപാടുകൾ നടത്തുന്നതല്ല. സെലക്ഷൻ ലഭിക്കുന്നവരുടെ ലിസ്റ്റ് എല്ലാ ട്രെയിംനിംഗ് സെന്ററുകളിലും ഇ-മെയിൽ മുഖേന ലഭ്യമാക്കുന്നതും www.education.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. സെലക്ഷൻ ലഭിക്കുന്നവർക്ക് ആർക്കും നേരിട്ട് കത്ത്/മെമ്മോ അയയ്ക്കുന്നതല്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ. അതാതു ട്രെയിംനിംഗ് സെന്ററുകളിൽ നേരിട്ട് ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്.

6. ട്രെയിംനിംഗ് കോഴ്സിനു ശേഷം നിയമനം നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ബാദ്ധ്യസ്ഥനല്ല.

7. കൈയ്യൊപ്പ് രേഖപ്പെടുത്താത്തതും അപൂർണ്ണവുമായ അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

8. ഭിന്നശേഷിക്കാരായ അപേക്ഷകർ ആനുകൂല്യത്തിനായി ബന്ധപ്പെട്ട മെഡിക്കൽ ബോർഡിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

9. ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഹിന്ദി) കോഴ്സ് പ്രൈമറി തലത്തിൽ (എൽ.പി & യു.പി) ഭാഷാദ്ധ്യാപകരുടെ ട്രയിംനിംഗ് യോഗ്യതയായി മാത്രമേ പരിഗണിക്കുകയുള്ളൂ. പ്രസ്തുത കോഴ്സ് ഹൈസ്കൂൾ തലത്തിൽ അദ്ധ്യാപകരുടെ ട്രയിംനിംഗ് യോഗ്യതയായി യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

<u>സ്വീകർത്താവ്</u> :

1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. സെക്രട്ടറി, പരീക്ഷാഭവൻ പൂജപ്പുര, തിരുവനന്തപുരം
5. പ്രിൻസിപ്പൽ, മലബാർ ഹിന്ദി പ്രചാരകേന്ദ്രം, കൊണ്ടോട്ടി, മലപ്പുറം
6. പ്രിൻസിപ്പൽ, പെർഫക്ട് ഹിന്ദി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പെരിന്തൽമണ്ണ, മലപ്പുറം
7. പ്രിൻസിപ്പൽ, ഭാരത് ഹിന്ദി പ്രചാര കേന്ദ്രം, അടൂർ, പത്തനംതിട്ട

<u>പകർപ്പ്</u>

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി (കവറിംഗ് ലറ്റർ ഉൾപ്പെടെ)
2. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
4. പൊതുവിദ്യാഭ്യാസ ഡയറക്ടർ / പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)/പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) ജോയിന്റ് ഡയറക്ടർ (അക്കാദമിക്) /വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്) - സി. എ. മുഖേന.
5. സൂപ്രണ്ട് എച്ച് സെക്ഷൻ
6. കരുതൽ ഫയൽ.

## അനുബന്ധം

**2024- 2026 വർഷത്തെ ഡിപ്ലോമാ ഇൻ എലമെന്ററി എഡ്യുക്കേഷൻ (ഹിന്ദി) കോഴ്സിന് സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള അപേക്ഷ**

**(നോട്ടിഫിക്കേഷൻ നം.എം2/9842/2024 /ഡി.ജി.ഇ. തീയതി. 26.06.2024**

1. പൂർണ്ണമായ പേരും മേൽവിലാസവും ഇ-മെയിൽ വിലാസവും (മൊബൈൽ നമ്പർ,പിൻകോഡ് ഇ-മെയിൽ ഐ ഡി, ആധാർ നം. ) :
   എ. ഇംഗ്ലീഷിൽ - (വലിയ അക്ഷരം)

   ബി. മലയാളത്തിൽ,

2. ജനനതീയതി :

3. ആൺ/പെൺ/ഭിന്നലിംഗം :

3. 01.07.2024 ൽ പൂർത്തിയാകുന്ന വയസ്സ് :

4. വിദ്യാഭ്യാസ യോഗ്യതയും ലഭിച്ച മാർക്കും (സർട്ടിഫിക്കറ്റിന്റേയും ,മാർക്ക് ലിസ്റ്റിന്റെ എല്ലാ പാർട്ടിന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യണം.) :

5. യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ ശതമാനം :

6. (എ) ജാതി /മതം :

   (ബി) പട്ടികജാതി /പട്ടികവർഗ്ഗം/ഒ.ബി.സി/ ആണോയെന്ന്

7. അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ് ഉണ്ടെങ്കിൽ കാലയളവ് :

8. അപേക്ഷകൻ ഒടുക്കിയ ഫീസ് തുക, ചെലാൻ നമ്പർ, തീയതി, ട്രഷറിയുടെ പേര്

9. പ്രവേശനം ലഭിക്കുവാൻ ആഗ്രഹിക്കുന്ന കോഴ്സ് : (ഡി.എൽ.എഡ്- ഹിന്ദി)

10. പ്രവേശനം ആഗ്രഹിക്കുന്ന ട്രെയിംനിംഗ് സെന്ററിന്റെ പേര് (മുൻഗണനാക്രമത്തിൽ) :

11. അപേക്ഷകൻ ഭിന്നശേഷിക്കാരനാണോ (ആണെങ്കിൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം) :

13. അപേക്ഷകൻ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നോക്കസമുദായത്തിൽ ഉൾപ്പെട്ടതാണോ (ആണെങ്കിൽ ആയത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം) :

14. ഉള്ളടക്കത്തിന്റെ ലിസ്റ്റ് :

സ്ഥലം:

തീയതി:

അപേക്ഷകന്റെ ഒപ്പ്